LIBRARY ARCHIVES Kerala Legislative Assembly

ണമെന്ന ആവശ്യത്തിന് ഒരു പതിറ്റാണ്ടിന്റെ പഴക്കമുണ്ട്. ആനങ്ങാടിയിലേയ്ക്കും കടലുണ്ടി നഗരത്തിലേയ്ക്കും ശാല്യത്തിലേയ്ക്കും വരുന്ന മത്സ്യത്തൊഴിലാളികളുടെ പ്രധാന ആശ്രയമാണ് തീരദേശ റോഡിന്റെ ഭാഗമായ ടിപ്പുസുൽത്താൻ റോഡ്. പ്രസ്തുത റോഡിന്റെ ഭാഗമായ മുതിയം തോടിന് കുറുകെ പാലമില്ലാത്തതിനാൽ തോട്ടിൽ വെള്ളം കയറിയാൽ, അരിയല്ലൂർ വില്ലേജിൽനിന്നും വള്ളിക്കുന്ന് വില്ലേജിലേയ്ക്ക് തീരദേശത്തുനിന്നും വരുന്ന മത്സ്യത്തൊഴിലാളികൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും തോട് മുറിച്ചുകടക്കുന്നതിന് മാർഗ്ഗമില്ലാത്ത അവസ്ഥയാണ്. ഇത് തീരദേശവാസികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. തീരദേശ പാതയുടെ ഭാഗമായ മുതിയം ബീച്ചിലെ പാലം നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയെങ്കിലും ഡി.പി.ആർ. ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല. ആയതിനാൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തീരദേശ റോഡിന്റെ ഭാഗമായ മുതിയം ബീച്ചിലെ മുതിയം പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. നടപടികൾ വേഗത്തിലാക്കി പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ കെട്ടുങ്ങൽ-കടലുണ്ടി റീച്ചിലുൾപ്പെടുന്ന വള്ളിക്കുന്ന് വില്ലേജിനേയും അരിയല്ലൂർ വില്ലേജിനേയും ബന്ധിപ്പിക്കുന്ന മുതിയം തോടിന് കുറുകെയുള്ള മുതിയം പാലം നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ പ്രവൃത്തികൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 3040 ചതുരശ്ര മീറ്റർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പാലത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറായിവരുന്നു.

(23) കരുവഞ്ചാൽ പാലം നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അടിയന്തര പ്രാധാന്യമുള്ള ആവശ്യങ്ങളിലൊന്നായ കരുവഞ്ചാൽ പാലത്തിന്റെ നിർമ്മാണം ഉടൻ യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. മലയോര ഹൈവേയിലേയും തളിപ്പറമ്പ്-ക്വർഗ് റോഡിലേയും ഏറ്റവും പ്രധാനപ്പെട്ട പാലമാണ് കരുവഞ്ചാൽ പാലം. 70 വർഷം കാലപ്പഴക്കമുള്ള ഈ പാലം ഇന്ന് അപകടാവസ്ഥയിലാണുള്ളത്. ആയിരക്കണക്കിന് വാഹനങ്ങളാണ് ദിവസേന ഇതുവഴി കടന്നുപോകുന്നത്. തന്മൂലം ട്രാഫിക് ബ്ലോക്കും വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. വിവിധ മലയോര പഞ്ചായത്തുകളെ ജില്ലാ/ താലൂക്ക്/ ബ്ലോക്ക്/ പഞ്ചായത്ത് ആസ്ഥാനങ്ങളുമായും അതുപോലെ വിവിധ പഞ്ചായത്തുകളെ

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയുമായും ബന്ധിപ്പിക്കുന്ന, പുറംലോകവുമായി ബന്ധപ്പെടുന്ന ഏക മാർഗ്ഗമാണ് ഈ പാലം. മാത്രമല്ല കർഗ്രമായി ബന്ധപ്പെടുത്തുന്ന മറ്റൊരു പ്രധാന മാർഗ്ഗമാണ് ഈ പാലം. അടുത്തകാലത്ത് ഉദ്ഘാടനം ചെയ്ത മലയോര ഹൈവേ പദ്ധതിയിൽ ഈ പാലവും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് അനുവദിക്കപ്പെട്ടിട്ടില്ല. തുടർന്ന് 2021-22 ബഡ്ജറ്റിൽ 6 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കി അതിന്റെ 20 ശതമാനം തുകയായ 1.2 കോടി രൂപ ക്രമനമ്പർ 2620 ആയി വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഈ പ്രതിസന്ധി പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ ഭാഗമായി വരുന്ന കരുവഞ്ചാൽ പാലത്തിനായി 600 ലക്ഷം രൂപയുടെ അടങ്കൽ തുക കണക്കാക്കി 2021-22 ബഡ്ജറ്റിൽ 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാൽ ഭരണാനുമതിയുൾപ്പെടെയുള്ള മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(24) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ വർഷങ്ങളായി ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന താഴേപ്പാലം പാരലൽ ബ്രിഡ്ജ്, തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി, തിരൂർ-പൊൻമുണ്ടം ആർ.ഒ.ബി. എന്നീ പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ആദ്യ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്. തിരൂർ ടൗണിലെ നിരന്തരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് തിരൂർ പുഴയ്ക്കുറുകെ താഴേപ്പാലം ബൈപ്പാസ് റോഡിൽ ഒരു പുതിയ പാലം നിർമ്മിക്കുന്നതിന് മുൻ എം.എൽ.എ., ശ്രീ. സി. മമ്മൂട്ടി സാഹിബിന്റെ കഠിന ശ്രമത്തിന്റെ ഫലമായി 2017 മാർച്ച് മാസത്തിൽ താഴേപ്പാലം പാരലൽ ബ്രിഡ്ജിന്റെ പണി പൂർത്തീകരിച്ചു. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി ചില സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡിന് 2018-19-ൽ 3.30 കോടി രൂപയുടെ എസ്റ്റിമേറ്റ്